# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. FEBRUARY 2025. ₹5.00

VOL. 09 - ISSUE NO. 08 - DATE OF PUBLICATION 25TH FEBRUARY, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## വലുതായി ചിന്തിക്കു, ചെറുതായി തുടങ്ങു, വേഗത്തിൽ വളരു!

നാനോ വ്യവസായങ്ങളിലൂടെ
സാമ്പത്തിക പുരോഗതി കൈവരിക്കാം.



KSIDC

Government of Kerala

Invest Kerala
NATURE. PEOPLE. INDUSTRY.



INVEST
KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI

Lulu Grand Hyatt Bolgatty International
Convention Center, Kochi

NATURE
PEOPLE
INDUSTRY

RESPONSIBLE
INVESTMENT
RESPONSIBLE
INDUSTRY

KERALA IS
INDIA'S
TOP
ACHIEVER
IN
EASE OF DOING
BUSINESS
REFORMS

KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED
Head Office: Keston Road | Kowdiar | Thiruvananthapuram-695003 | Ph No: 0471-2318922 | enquiry@ksidcmail.org
Regional Office: 2nd Floor | Choice Towers | Manorama Junction | Kochi - 16 | Ph: No: 0484-2323010
www.ksidc.org /invest.kerala.gov.in

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

➢ **എഡിറ്റോറിയൽ:**
വ്യവസായികളും സംരംഭകരും....................... 03

➢ **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റത്തിനുള്ള രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി കൊണ്ടുള്ള സർക്കാർ തീരുമാനം സ്വാഗതാർഹം:.................. 05

➢ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
മന്ത്രിതലങ്ങളിലും ഉന്നത ഉദ്യോഗസ്ഥ തലങ്ങളിലുമുള്ള ആത്മാർത്ഥത താഴെ തട്ടിലുള്ള ഉദ്യോഗസ്ഥ തലത്തിലും ഉണ്ടാകണം .............. 07

➢ **ജി.എസ്.ടി.** നിയമത്തിൽ അടിയന്തിരമായി നടത്തേണ്ട ഭേദഗതികൾ............................. 09

➢ **മിഷൻ 1000 പദ്ധതി** പ്രയോജനപ്പെടുത്തി സംരംഭങ്ങൾ വിപുലികരിക്കാം...................... ..11

➢ **ദാവോസിൽ നിറഞ്ഞു കേരളം** ........... 13


➢ **നിക്ഷേപകർക്ക് സ്വാഗതം**
ഒരുക്കങ്ങൾ പൂർത്തിയാക്കി കേരളം ആഗോള നിക്ഷേപക സംഗമത്തിലേക്ക്............................ 16

➢ **നാനോ വ്യവസായങ്ങൾ:** ചെറുതായി തുടങ്ങാനും വലുതായി വളരാനും...................... 18

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - FEBRUARY 2025 - ₹5.00

# എഡിറ്റോറിയൽ

## വ്യവസായികളും സംരംഭകരും



ഒരു നാടിന്റെ വികസനം നിലനിൽക്കുന്നത് മുഖ്യമായും സാമ്പത്തിക വളർച്ചയുടെ അടിസ്ഥാനത്തിലാണ്. സാമ്പത്തിക വളർച്ചയുടെ ത്വരിത ഘടകങ്ങളിൽ പ്രധാനം വ്യവസായങ്ങളുമാണ്.

അതിന്റെ പ്രാധാന്യം ഉൾക്കൊണ്ട നമ്മുടെ സർക്കാർ, വ്യവസായ സംരംഭങ്ങളെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും വളർച്ചയ്ക്ക് ഉതകും വിധം നടപടികൾ ലഘുകരിക്കുകയും ചെയ്യുന്നുണ്ട്. മേന്മയേറിയ ഈ പ്രവർത്തനങ്ങളെ അഭിനന്ദിക്കാതെ തരമില്ല.

നമ്മുടെ കേരളത്തിൽ നിരവധി സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ നിലവിലുണ്ട്. അവരും പ്രവർത്തന വളർച്ചയിൽ ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. പുതുതായി വ്യവസായം തുടങ്ങാൻ അന്തരീക്ഷം ഒരുക്കുന്ന സർക്കാർ, നിലവിലെ വ്യവസായങ്ങളിലും ഇതുപോലെ ശ്രദ്ധ വച്ചാൽ വ്യവസായ വളർച്ച അതിവേഗത്തിൽ ആകും എന്നതിൽ സംശയമില്ല, നിലവിലെ വ്യവസായികളുടെ ചിര കാലമായുള്ള ആവശ്യമാണിത്.

ചില കാര്യങ്ങൾ സൂചിപ്പിച്ചു കൊള്ളട്ടെ, ഏറ്റവും എളുപ്പത്തിൽ ചെയ്യാവുന്നത്. 160 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ള LT ഉപഭോക്താവിന് ഇപ്പോൾ 100 KVA മാത്രമേ ഉപയോഗിക്കാനാവൂ. ഈ സാഹചര്യത്തിൽ LT പരിധി 150 KVA ആക്കിയാൽ അത് ആർക്കും നഷ്ടം ഇല്ലാത്ത ഒരു സഹായം ആകുമല്ലോ?

കാലപ്പഴക്കമുള്ള വ്യവസായങ്ങൾ അതാത് കാലങ്ങളിൽ ഉണ്ടായിരുന്ന ബിൽഡിംഗ് ആക്ട് പ്രകാരം നിർമ്മിച്ചതാണല്ലോ. കാലകാലങ്ങളിൽ പുതിയതായി ഉണ്ടായ നിയമഭേദഗതിക്ക് അനുസരിച്ച് പഴയ കെട്ടിടങ്ങൾ ഇടിച്ചുമാറ്റി പുതിയത് ഉണ്ടാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ആർക്കും അറിയാവുന്നതും ആണല്ലോ. മാത്രമല്ല, കേരളത്തിലെ സ്ഥലപരിമിതിയും നാം കണക്കിലെടുക്കേണ്ടതുണ്ട്. അതനുസരിച്ച് കേരളത്തിനു മാത്രമായി ഒരു ബിൽഡിംഗ് ആക്ടിനെക്കുറിച്ച് സർക്കാർ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട് എന്നാണ് വ്യവസായികളുടെ പക്ഷം.

നിലവിലുള്ള കെട്ടിട നിർമ്മാണങ്ങളിൽ വന്നുപോയ പാക പിഴകൾ നിയമപരമാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് സൂക്ഷ്മമായി പരിശോധിച്ചാൽ ഒരു പുതിയ കെട്ടിട നിർമ്മാണ ചെലവിനെക്കാൾ രണ്ട് ഇരട്ടിയിൽ കൂടുതൽ ഈ റെഗുലറൈസേഷന് വേണ്ടി ചെലവ് വരുന്നതായി കാണാം. റെഗുലറൈസ് ചെയ്യുമ്പോൾ വരുന്ന നികുതിയും അതിനുമേൽ ഒരു പെനാൽറ്റിയും നൽകുന്ന വിധത്തിൽ ആയാൽ നിശ്ചയമായും അതൊരു പ്രോത്സാഹനം ആകും.

നിലവിലുള്ള വ്യവസായങ്ങൾക്ക് ചെറിയ ചെറിയ സഹായങ്ങൾ നൽകിയാൽ ഉൽപാദനം, തൊഴിൽ, നികുതി എന്നിവയിൽ വർദ്ധനവ് ഉണ്ടാകുമല്ലോ. ഇക്കാര്യങ്ങൾ വളരെ ഗൗരവത്തോടെ തന്നെ സർക്കാർ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചു കൊള്ളുന്നു.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

K-bip

# എല്ലാം ശരിയാകും
## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ
കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ്
എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ
ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള
ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്



HACCP CERTIFICATION NCHC NATIONAL CENTRE

## NATIONAL CENTRE FOR HACCP CERTIFICATION

**KERALA BUREAU OF INDUSTRIAL PROMOTION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org



# വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റത്തിനുള്ള രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി കൊണ്ടുള്ള സർക്കാർ തീരുമാനം സ്വാഗതാർഹം:

## 2023 ലെ ലാന്റ് അലോട്ട്മെന്റ് പോളിസിയിലെ പോരായ്മകളും പരിഹരിക്കണം.

### പ്രസിഡൻഷ്യൽ റിപ്പോർട്ട്

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ളതും നോട്ടിഫൈഡ് ചെയ്ത സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലും വ്യവസായം തുടങ്ങുന്നതിന് ഭൂമി കൈമാറ്റം ചെയ്യാനുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും പൂർണ്ണമായും ഒഴിവാക്കാനുള്ള മന്ത്രിസഭ തീരുമാനം സ്വാഗതാർഹമാണ്. 2023ലെ പുതിയ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ആനുകൂല്യങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചത്. വ്യവസായം ആരംഭിക്കാൻ ഭൂമിയോ കെട്ടിടമോ വാങ്ങാനും പാട്ട കരാറിൽ ഏർപ്പെടാനും ഈ ഫീസ് ഇളവിന്റെ ആനുകൂല്യം ലഭിക്കും. വ്യവസായ മേഖലയിൽ കടന്ന് വരുന്ന സംരംഭകർക്ക് സാമ്പത്തികമായി വളരെ ഗുണം ചെയ്യുന്ന സർക്കാർ തീരുമാനം ഈ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കാൻ പ്രചോദനമാകും. കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ ദീർഘനാളത്തെ ഒരാവശ്യം കൂടി നടപ്പിലാക്കി കൊണ്ടുള്ള സർക്കാർ നടപടിയെ വ്യവസായ സമൂഹം സന്തോഷത്തോടെയാണ് ഈ തീരുമാനത്തെ സ്വാഗതം ചെയ്യുന്നത്.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ലാന്റ് അലോട്ട്മെന്റ് പോളിസിയും 2023ൽ ഉത്തരവായിറക്കി. 60 വർഷത്തിലധികം പഴക്കമുള്ള ഈ വിഷയത്തിൽ ശാശ്വത പരിഹാരം കണ്ടെത്തികൊണ്ടുള്ള ഉത്തരവിനെ തുടർന്ന് കെ.എസ്.ഐ.ഡി.സി. യുടെയും, കിൻഫ്രായുടെയും കീഴിലുള്ള എസ്റ്റേറ്റുകൾക്ക് കൂടി ടി ഉത്തരവ് ബാധകമാക്കിയതും സ്വാഗതാർഹമാണ്. എന്നാൽ പുതിയ ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ ദോഷകരമായി വന്നിട്ടുള്ള ചില വ്യവസ്ഥകൾ പുന:പരിശോധിക്കണമെന്ന സംഘടനയുടെ നിർദ്ദേശങ്ങൾ ഇതിനകം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നതാണ് വസ്തുത. 1969ലെയും, 1970 ലെയും ഉത്തരവുകൾ സംരംഭകർക്ക് വളരെ പ്രയോജനകരമായിരുന്നു. ഇതിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടണം. ലീസ് വ്യവസ്ഥ ഒഴിവാക്കി ഹയർ പർച്ചേസ്/ഔട്ട്റൈറ്റ് പർച്ചേസ് വ്യവസ്ഥകൾ മാത്രമാണ് അനുകൂലമായിട്ടുള്ളത്.

ഹയർ പർച്ചേസ് വ്യവസ്ഥയിൽ 50% അടക്കണമെന്നുള്ളത് 25% ആക്കുക, ബാക്കി 75% 10 വർഷം കൊണ്ട് തുല്യ ഗഡുക്കളായി 5% പലിശ നിരക്കിൽ അടക്കണമെന്ന വ്യവസ്ഥകൊണ്ടു വരിക, ഭൂമിയുടെ വില പുതുക്കി അടക്കണമെന്ന വ്യവസ്ഥകൾ ഒഴിവാക്കുക, ഹയർ പർച്ചേസ്/ഔട്ട്റൈറ്റ് പർച്ചേസിൽ ഭൂമി ലഭിച്ചവർക്കും പട്ടയം ലഭിച്ചവർക്കും മോർട്ട്ഗേജ് ട്രൈപാർട്ടി എഗ്രിമെന്റ് വ്യവസ്ഥ ഒഴിവാക്കുക, ഭൂനികുതി ഒഴിച്ച് മറ്റു ഒരു നികുതിയും അടക്കേണ്ടതില്ല എന്ന വ്യവസ്ഥ കൊണ്ട് വരിക, 25 സെന്റ് വരെയുള്ള ഭൂമി കൈമാറ്റത്തിനും പ്രൊസ്സസിങ് ഫീസ് ഗണ്യമായി കുറക്കുക തുടങ്ങിയ ഒട്ടേറെ ദോഷകരമായ വ്യവസ്ഥകൾ പുന:പരിശോധിക്കേണ്ടതാണ്. ഒരിക്കൽ ഭൂമിയുടെ വില നിശ്ചയിച്ച് സംരംഭകർക്ക് നല്കി കഴിഞ്ഞ ശേഷം പിന്നീട് യാതൊരു കാരണവശാലും ഭൂമിയുടെ അധിക വില ഈടാക്കുകയില്ല എന്ന ഉറപ്പ് സംരംഭകർക്ക് നല്കണം. സംരംഭകർക്ക് നല്കുന്ന വാഗ്ദാനങ്ങൾ എപ്പോഴെങ്കിലും ലംഘിക്കപ്പെടുകയാണെങ്കിൽ ഈ മേഖലയിലേക്ക് പുതിയ സംരംഭകർ കടന്ന് വരാൻ വിമുഖത കാട്ടുകയും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് നിലവിലുള്ള അനുകൂലമായ വ്യവസായ അന്തരീക്ഷത്തിന് എതിരായി തെറ്റായ സന്ദേശത്തിന് ഇടവരും. ഇതിന് ഒരവസരം നല്കാതെ ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ പുന:പരിശോധിക്കേണ്ട സംഘടന നല്കിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ലാന്റ് അലോട്ട്മെന്റ് പോളിസി ഭേദഗതി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2025 ഫെബ്രുവരി 12<br>12th February 2025<br>1200 മകരം 30<br>30th Makaram 1200<br>1946 മാഘം 23<br>23rd Magha 1946 | നമ്പർ<br>No. | 504 |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P)No.17/2025/TAXES. *Dated, Thiruvananthapuram, 12th February, 2025*
*30th Makaram, 1200*

**S. R. O. No. 141/2025**

In exercise of the powers conferred by clause (a) sub section(1) of section 9 of the Kerala Stamp Act, 1959 (17 of 1959), the Government of Kerala, being of the opinion that, it is necessary in the public interest so to do, hereby remit the stamp duty chargeable under the said Act for the registration of lease agreement or purchase of land/building for establishment of manufacturing units, in Government Industrial parks and notified Private Industrial parks by entrepreneurs for setting up

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഈ ഗവൺമെന്റ് ഓർഡറിന്റെ തുടർച്ച് പേജ് 8-ൽ വായിക്കുക.)



# മന്ത്രിതലങ്ങളിലും ഉന്നത ഉദ്യോഗസ്ഥ തലങ്ങളിലുമുള്ള ആത്മാർത്ഥത താഴെ തട്ടിലുള്ള ഉദ്യോഗസ്ഥ തലത്തിലും ഉണ്ടാകണം

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

നമ്മുടെ സംസ്ഥാനം വ്യവസായ വികസന രംഗത്ത് അഭൂതപൂർവ്വമായ വളർച്ചയെയാണ് സാക്ഷ്യം വഹിക്കുന്നത്. വ്യവസായ വളർച്ചയ്ക്ക് തടസ്സമായി നിന്ന പല നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്ത് നിക്ഷേപകരേയും സംരംഭകരേയും ആകർഷിക്കാനുള്ള അനുകൂലമായ അന്തരീക്ഷം നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ ആത്മാർത്ഥവും ദൃഡനിശ്ചയത്തിന്റെയും ഫലമായി കേരളം മറ്റു സംസ്ഥാനങ്ങളെ പിന്നിലാക്കി ഒന്നാം റാങ്ക് കരസ്ഥമാക്കി. വ്യവസായ മേഖലയിൽ കേരളം കൈവരിച്ച ഈ നേട്ടം നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ തുടരേണ്ടതാണ്.

മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും വ്യവസായ മേഖലയുടെ വികസനത്തിനും പുരോഗതിയ്ക്കും അതർഹിക്കുന്ന ഗൗരവത്തിൽ തന്നെ കണക്കിലെടുത്ത് അനുകൂലമായ വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് നടപടികൾ സ്വീകരിക്കാൻ കഠിന പ്രവർത്തനം തന്നെ തുടരുകയാണ്. എന്നാൽ താഴെ തട്ടിലുള്ള ചില സ്ഥാപനങ്ങളിലെ പ്രത്യേകിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അപൂർവ്വം ചില ഉദ്യോഗസ്ഥർ സർക്കാരിന്റെ നയപരിപാടികൾ നടപ്പിലാക്കാനും ഫയലുകളിൽ തീർപ്പ് കല്പിക്കാനും കാലതാമസം വരുത്തുന്നു എന്നത് പൊതുവെയുള്ള ഒരു പരാതിയാണ്.

ഫയലുകൾ ഓരോ മേശയിലും മൂന്നോ നാലോ ദിവസം സൂക്ഷിക്കാനുള്ള അവകാശമുണ്ട്. നാലോ അഞ്ചോ മേശകളിൽ കൂടി എത്തുമ്പോൾ ഏകദേശം ഒരു മാസം കഴിയും. ഏതെങ്കിലും പാകപ്പിഴവുകൾ ഉണ്ടെങ്കിൽ പിന്നെയും കാലതാമസം നേരിടും. ഒരു ഫയലിൽ ജനങ്ങളുടെ ജീവിതമാണ് അടങ്ങിയിരിക്കുന്നതെന്ന് ബഹു. മുഖ്യമന്ത്രിയുടെ അഭിപ്രായം മുഖവിലക്കെടുക്കാൻ പോലും താഴെ തട്ടിലുള്ള ഉദ്യോഗസ്ഥന്മാർ സന്മനസ് കാണിക്കുന്നില്ലയെന്നത് ഖേദകരമായ ഒരു വസ്തുതയാണ്. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പരിഷ്കാരങ്ങൾ മൂലം വ്യവസായ മേഖലയിൽ ഉണ്ടായ അനുകൂലമായ അന്തരീക്ഷത്തിന് കോട്ടം തട്ടുന്ന രീതിയിൽ ഫയലുകൾ മന:പൂർവ്വം നടപടികൾ സ്വീകരിക്കാതിരിക്കുകയും കാലതാമസം വരുത്തുകയും ചെയ്യുന്നു. ഉദ്യോഗസ്ഥ മനോഭാവത്തിന് മാറ്റം വന്നാൽ കൂടുതൽ മെച്ചപ്പെട്ട വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളം മാറുകയും വ്യവസായികൾക്ക് നീതി ലഭിക്കുന്നുവെന്ന പൊതുബോധം സൃഷ്ടിക്കപ്പെടുകയും ചെയ്യും. ■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**



(പേജ് 6-ലെ ഗവൺമെന്റ് ഓർഡർ തുടർന്ന് വായിക്കുക.)



manufacturing units anywhere in the State which are included as Serial No.8 of the 18 Incentive Schemes identified for the needs of industries in 22 priority areas as part of Kerala Industrial Policy, 2023 approved by the Government subject to the condition that the Industries Department should ensure that the above manufacturing units generate better employment opportunities.

By order of the Governor,

DR A JAYATHILAK IAS
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Managing Director, Kerala State Industrial Development Corporation (KSIDC) has requested the Government to grant exemption from payment of stamp duty required for the registration of lease agreement or purchase of land/building for establishment of manufacturing units, in Government Industrial parks and notified Private Industrial parks by entrepreneurs for setting up manufacturing units anywhere in the State which are included as Serial No.8 of the 18 Incentive Schemes identified for the needs of Industries in 22 priority areas as part of Kerala Industrial Policy, 2023 as approved vide G.O.(Ms.)No.28/2023/ID 1st April, 2023. Government have examined the matter in detail and have decided to allow the request in public interest on condition that the Industries Department should ensure that the above manufacturing units generate better employment opportunities.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/



# ജി.എസ്.ടി. നിയമത്തിൽ അടിയന്തിരമായി നടത്തേണ്ട ഭേദഗതികൾ

അഡ്വ. കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM

**GST കൗൺസിലിന്റെ അനുമതിയോടെ GST നിയമത്തിൽ അത്യാവശ്യമായി വരുത്തേണ്ടത് എന്ന് വ്യാപാരി വ്യവസായി സമൂഹത്തിനും ടാക്സ് പ്രൊഫഷണലുകൾക്കും അഭിപ്രായമുള്ള ചില ഭേദഗതികൾ ചുവടെ രേഖപ്പെടുത്തുന്നു:**

1 CGST യും, IGST യും, SGST യും അബദ്ധത്തിൽ ഹെഡ് മാറി ക്രെഡിറ്റ് എടുത്തുപോകുന്ന നികുതിദായകർക്ക് ആ തെറ്റ് സ്വയം തിരുത്തുവാൻ GST നിയമത്തിൽ ആദ്യ കാലം മുതൽക്കേ ഒരു സമയപരിധി നൽകപ്പെട്ടിട്ടുണ്ട്. പക്ഷേ ഈ സമയപരിധി പ്രയോഗികമായി നികുതിദായകർക്ക് പ്രയോജനകരമല്ല. അബദ്ധത്തിൽ ഹെഡ് മാറി ക്രെഡിറ്റ് എടുത്തുപോയി എന്നത് പോലുള്ള നിസ്സാര സാങ്കേതിക കാരണങ്ങളുടെ പേരിൽ, പലപ്പോഴും തന്റേതല്ലാത്ത കാരണങ്ങളാൽ അത് സമയപരിധിയ്ക്കുള്ളിൽ തിരുത്താൻ പറ്റാതെ പോകുന്ന നികുതിദായകർക്ക് അർഹമായ ക്രെഡിറ്റ് നിഷേധിക്കരുത് എന്ന ന്യായമായ ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി കേസുകൾ നികുതിദായകർ കോടതികൾ മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്.

ഇത്തരമൊരു കേസിൽ, സമയപരിധി എന്ന പരിമിതിയിൽ കുരുങ്ങി ഒരു നികുതിദായകന് ന്യായമായും ലഭിക്കേണ്ട അവസരം നഷ്ടമാവരുത് എന്ന് കണ്ട ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, സമയപരിധി കഴിഞ്ഞുപോയിട്ടും ഹെഡ് മാറി ക്രെഡിറ്റ് എടുത്തത് തിരുത്തുവാൻ ഒരു നികുതിദായകനെ അനുവദിച്ചു. WA. No. 54/2024 എന്ന കേസിലെ ഉത്തരവിലൂടെയാണ് ഹൈക്കോടതി ഇപ്രകാരം സമയപരിധിയ്ക്ക് അതീതമായി തിരുത്തൽ അനുവദിച്ചത്.ഹെഡ് മാറി ക്രെഡിറ്റ് എടുത്തുപോകുകയും സമയപരിധി കഴിഞ്ഞുപോയതുകൊണ്ട് അത് തിരുത്താൻ കഴിയാതെ പോകുകയും ചെയ്തിട്ടുള്ള നിരവധി നികുതിദായകർ ഉണ്ട്. അവരിൽ കുറച്ചു പേർ ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. അവർക്ക് ഹൈക്കോടതി WA. No. 54/2024 ലെ ഉത്തരവിനെ പിൻപറ്റി തിരുത്തൽ അവസരം നൽകും. പക്ഷേ ഈ പ്രശ്നം നേരിടുന്ന എല്ലാ നികുതിദായകർക്കും ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യാൻ കഴിയണമെന്നില്ല. മാത്രവുമല്ല അത്രയും പേർ ഒന്നാകെ ഹൈക്കോടതിയെ സമീപിച്ചാൽ ഹൈക്കോടതിയുടെയും GST ഡിപ്പാർട്ട്മെന്റിന്റെയും വ്യവഹാര ജോലിയുടെ ഭാരം കൂടും എന്നേ ഉള്ളൂ.

ഈ അവസരത്തിൽ, എല്ലാ GSTനികുതിദായകർക്കും, നാളിതുവരെ സമർപ്പിച്ച എല്ലാ രേഖകളിലും റിട്ടേണുകളിലും ഉണ്ടായിട്ടുള്ള എല്ലാ തെറ്റുകളും കുറവുകളും പരിഹരിക്കാൻ ഒരു അന്തിമ അവസരം കൂടി നൽകുന്ന തരത്തിൽ ഒരു നിയമ ഭേദഗതി വേണമെന്ന് അഭിപ്രായപ്പെടുന്നു.

2 GSTനിയമം പ്രാബല്യത്തിൽ വന്ന വർഷം മുതൽക്ക് ഇതുവരെയുള്ള ഏത് കാലയളവിനെ സംബന്ധിച്ചുമുള്ള ഉത്തരവുകൾക്കെതിരെ ആദ്യ അപ്പീൽ നൽകാൻ ആഗ്രഹിക്കുന്ന, എന്നാൽ അതിനു സാധിക്കാതെപോയിട്ടുള്ള എല്ലാ നികുതിദായകർക്കും ആദ്യ അപ്പീൽ ഫയൽ ചെയ്യുവാൻ ഒരു അന്തിമ അവസരം കൂടി നൽകുന്ന രീതിയിൽ നിയമ ഭേദഗതി വേണമെന്ന് അഭിപ്രായപ്പെടുന്നു.

3 സർക്കാരിനായി ചെയ്യുന്ന കരാർപണികൾ ഉൾപ്പെടെയുള്ള സപ്ലൈകളിൽ, കരാർ തുക സപ്ലയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആവുന്ന തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഇൻവോയ്സ് നൽകിയാൽ മതി എന്നും, അത്തരം സപ്ലൈകളിൽ ഇൻവോയ്സ് നൽകുന്ന തീയതിയാണ് സപ്ലൈസമയം എന്നും പ്രഖ്യാപിക്കുന്ന രീതിയിൽ നിയമത്തെ മാറ്റുന്ന ഒരു ഭേദഗതി ആവശ്യമാണ്.

4 CGST ആക്റ്റിന്റെ സെക്ഷൻ 65 പ്രകാരമുള്ള ഓഡിറ്റുകളെ ഡിപ്പാർട്ട്മെന്റ് തെറ്റുകൾ കണ്ടുപിടിക്കാനും പിഴയും പലിശയും പിരിച്ചെടുക്കാനുമുള്ള ഒരു താല്പര്യത്തോടെയാണ് സമീപിക്കുന്നത്. ആ സമീപനത്തിന് പകരം, സെക്ഷൻ 65 ഓഡിറ്റ് എന്നത് GST ദായകർക്കിടയിൽ കംപ്ലയൻസ് വർദ്ധിപ്പിക്കാനുള്ള ഒരു മാർഗ്ഗമാണ് എന്ന ശരിയായ സമീപനത്തോടെ പ്രവർത്തിക്കാൻ GST ഡിപ്പാർട്ട്മെന്റിനെ പ്രേരിപ്പിക്കുന്ന തരത്തിൽ നിയമഭേദഗതിയോ നോട്ടിഫിക്കേഷനോ സർക്കുലറോ പുറപ്പെടുവിക്കണം എന്ന് അഭിപ്രായപ്പെടുന്നു.

5 GST നിയമത്തിനു കീഴിലെ നാളിതുവരെയുള്ള എല്ലാ ബാധ്യതകളും (സെക്ഷൻ 74 നു കീഴിലുള്ള ബാധ്യതകൾ ഉൾപ്പെടെ) സെക്ഷൻ 128 A യ്ക്ക് കീഴിൽപെടുത്തി അന്തിമമായി തീർപ്പാക്കാൻ കഴിയുന്ന രീതിയിൽ സെക്ഷൻ 128 A എന്ന വകുപ്പിൽ ഭേദഗതി വരുത്തണം എന്ന് അഭിപ്രായപ്പെടുന്നു.■

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
**✆ 98462 27555, 79024 43188, 79070 00401**

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2025 ഫെബ്രുവരി 12<br>12th February 2025<br>1200 മകരം 30<br>30th Makaram 1200<br>1946 മാഘം 23<br>23rd Magha 1946 | നമ്പർ<br>No. | 506 |


GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P)No.18/2025/TAXES. *Dated, Thiruvananthapuram, 12th February, 2025*

*30th Makaram, 1200*

**S. R. O. No. 142/2025**

In exercise of the powers conferred by sub-section (2) of section 78 of the Registration Act, 1908 (Central Act XVI of 1908 ), the Government of Kerala, being of the opinion that, it is necessary in the public interest so to do, hereby remit the fee payable under the said Act for the registration of lease agreement or purchase of land/building for establishment of manufacturing units, in Government Industrial parks and notified Private Industrial parks by entrepreneurs for setting up manufacturing

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഈ ഗവൺമെന്റ് ഓർഡറിന്റെ തുടർച്ച് പേജ് 12-ൽ വായിക്കുക.)

# മിഷൻ 1000

# പദ്ധതി പ്രയോജന പ്പെടുത്തി സംരംഭങ്ങൾ വിപുലികരിക്കാം

സംസ്ഥാനത്തെ 1000 സൂക്ഷ്മ ചെറുകിട ഇടത്തരം എന്റർപ്രൈസസ് (എം.എസ്.എം.ഇ.)കളുടെ പ്രവർത്തനശേഷിയും ഉല്പാദന ശേഷിയും വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ വ്യവസായ വകുപ്പ് നടപ്പാക്കിയ ഒരു പദ്ധതിയാണ് മിഷൻ 1000. 2022-23 സംരംഭക വർഷത്തിന്റെ തുടർച്ചയായി ഈ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. 4 വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റു വരവുള്ള സംരംഭങ്ങളായി ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിലവിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ. കൾക്ക് സർക്കാരിന്റെ സാമ്പത്തിക ഉൾപ്പെടെയുള്ള സഹായങ്ങൾ പ്രയോജനപ്പെടുത്തി ആധുനിക, സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് തങ്ങളുടെ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താനും വിപുലീകരിക്കാനും വളരെ സഹായകരമായ പദ്ധതിയാണിത്.

വ്യവസായ വകുപ്പിൽ രജിസ്ട്രേഷൻ എടുത്ത് (ഉദ്യം രജിസ്ട്രേഷൻ) 2023 മാർച്ച് 31 ന് കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായിരിക്കണം ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി വരേണ്ടത്. നിർമ്മാണ മേഖലയ്ക്കും സേവന മേഖലയ്ക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താം.

**തെരഞ്ഞെടുക്കുന്ന മാനദണ്ഡം**

നിക്ഷേപം, വാർഷിക വിറ്റുവരവ്, ലാഭം, ശേഷി വിനിയോഗം, കയറ്റുമതി ജീവനക്കാരുടെ എണ്ണം, പ്രൊമോട്ടർമാരുടെ സിബിൽ സ്കോർ, ലഭിച്ച സർട്ടിഫിക്കേഷനുകൾ എന്നിവ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽപ്പെടും.

**വിവിധ പ്രോത്സാഹനങ്ങൾ**

- മൂലധന നിക്ഷേപ സബ്സിഡി 40 ശതമാനം വരെ പരമാവധി 2 കോടി രൂപ.
- പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (പരമാവധി 50 ലക്ഷം രൂപ).
- വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വരുന്നചെലവിന് ഒരു ലക്ഷം രൂപവരെ സാമ്പത്തിക സഹായം.
- വ്യവസായ വകുപ്പിന്റെ എല്ലാ പദ്ധതികളിലും പ്രോത്സാഹനങ്ങളിലും മുൻഗണന.
- ഗുണനിലവാരം സർട്ടിഫിക്കേഷനുകൾ ലഭിക്കുന്നതിന് പ്രത്യേക സഹായം.
- തെരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങൾക്ക് അനുബന്ധ പ്രവർത്തനങ്ങളിൽ സഹായിക്കാൻ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥന്റെ സഹായം.
- സാങ്കേതിക നവീകരണത്തിനും കഴിവുകൾക്കും പ്രത്യേക സഹായം.

**മൂലധന നിക്ഷേപത്തിൽ ഉൾപ്പെടുന്നവ**

ഭൂമി, അടിസ്ഥാന സൗകര്യ വികസനം, പുതിയ കെട്ടിടങ്ങൾ, വിപുലീകരിക്കൽ, ഓഫീസ് ഉപകരണങ്ങൾ, പ്ലാന്റുകൾ, യന്ത്രങ്ങൾ, ഇലക്ട്രിക് ജോലികൾ, ജനറേറ്ററുകൾ, മലിനീകരണ നിയന്ത്രണങ്ങൾക്കുള്ള ഉപകരണങ്ങൾ തുടങ്ങിയ മൂലധന നിക്ഷേപത്തിൽപ്പെടും.

**വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് സർക്കാർ അംഗീകരിച്ച ഏജൻസികൾ**

എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് തിരുവനന്തപുരം, രംഗമണി അസോസിയേറ്റ്സ്, ചാർട്ടേഡ് അക്കൗണ്ടന്റ്സ് കോട്ടയം. ഈ ഏജൻസികൾ മുഖാന്തിരമായിരിക്കണം ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കേണ്ടത്.

പലിശ ഇനത്തിൽ നല്ലൊരു ഭാഗം സഹായമായി ലഭിക്കുമ്പോൾ സംരംഭകർക്ക് സാമ്പത്തിക പരാതിനതകളിൽ നിന്നും വിമുക്തി നേടാനും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം നേരിടുന്ന വൈഷമ്യത്തിന്റെ കാഠിന്യം കുറക്കാനും വളരെ സഹായകരമാകുന്ന പദ്ധതിയാണിത്. പ്രവർത്തന ശേഷി പൂർത്തിയായതിനുശേഷം കുറഞ്ഞത് 5 വർഷം പ്രവർത്തിക്കണമെന്ന വ്യവസ്ഥയുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്. ■

(പേജ് 10-ലെ ഗവൺമെന്റ് ഓർഡർ തുടർന്ന് വായിക്കുക.)



units anywhere in the State which are included as Serial No.8 of the 18 Incentive Schemes identified for the needs of industries in 22 priority areas as part of Kerala Industrial Policy, 2023 approved by the Government subject to the condition that the Industries Department should ensure that the above manufacturing units generate better employment opportunities.

By order of the Governor,

DR A JAYATHILAK IAS
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Managing Director, Kerala State Industrial Development Corporation (KSIDC) has requested the Government to grant exemption from payment of registration fees required for the registration of lease agreement or purchase of land/building for establishment of manufacturing units in Government Industrial parks and notified Private Industrial parks by entrepreneurs for setting up manufacturing units anywhere in the State which are included as Serial No.8 of the 18 Incentive Schemes identified for the needs of industries in 22 priority areas as part of Kerala Industrial Policy, 2023 as approved vide G.O. (Ms.)No.28/2023/ID dated 1st April,2023. Government have examined the matter in detail and have decided to allow the request in public interest on condition that the Industries Department should ensure that the above manufacturing units generate better employment opportunities.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.






# ദാവോസിൽ നിറഞ്ഞു കേരളം

സൂരജ് എസ്.

കേരളത്തിലേക്കുള്ള നിക്ഷേപ സാധ്യതകൾക്ക് ആക്കം കൂട്ടി സ്വിറ്റ്സർലാൻഡിലെ ദാവോസിൽ സംഘടിപ്പിച്ച 55-ാമത് വേൾഡ് ഇക്കണോമിക് ഫോറം (ഡബ്ല്യുഇഎഫ്). വേൾഡ് ഇക്കണോമിക് ഫോറത്തിൽ കേരള പവലിയൻ സന്ദർശകരുടെ ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റി. 19 വർഷത്തിനു ശേഷമാണ് കേരളം ലോക സാമ്പത്തിക ഫോറം സമ്മേളനത്തിൽ പങ്കെടുക്കുന്നത്. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിൻറെ നേതൃത്വത്തിലുള്ള കേരള പവലിയൻ ലോകത്തെ പ്രധാന നിക്ഷേപകർക്ക് മുന്നിൽ കേരളത്തിന്റെ വ്യവസായ സാധ്യതകളും നിക്ഷേപ സൗഹൃദ അന്തരീക്ഷവുമായിരുന്നു പ്രതിഫലിപ്പിച്ചത്. ഫോറത്തിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിലുള്ള ഉന്നതതല കേരള പ്രതിനിധി സംഘത്തിന്റെ വിജയകരമായ ഇടപെടൽ ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഉച്ചകോടിക്ക് ഗുണകരമാകും. സംസ്ഥാനത്തെ ഭാവി വ്യവസായ നിക്ഷേപ സാധ്യതയ്ക്കും ഇത് കരുത്ത് പകരുമെന്നതിൽ സംശയമില്ല.

ലോകത്തെ പ്രധാന നിക്ഷേപകർക്ക് മുന്നിൽ അഭിമാനമായി **കേരള പവലിയൻ**

WORLD ECONOMIC FORUM

ആഗോള കമ്പനികളുമായി ചർച്ച നടത്തി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി **പി. രാജീവ്**

ദാവോസിൽ നടന്ന 55-ാമത് വേൾഡ് ഇക്കണോമിക് ഫോറത്തിൽ (ഡബ്ല്യു.ഇ.എഫ്) വ്യവസായ മേഖലയിൽ കൈവരിച്ച മുന്നേറ്റങ്ങൾ ഫലപ്രദമായി അവതരിപ്പിക്കാനും ശ്രദ്ധേയ സാന്നിധ്യമാകാനും കേരളത്തിന് സാധിച്ചു. സംസ്ഥാനത്ത് വ്യവസായ നിക്ഷേപത്തിനുള്ള സാധ്യതകൾ തുറന്നിടുന്ന ഫലപ്രദമായ ചർച്ചകൾ നടത്താനും ഫോറത്തിലെ




പങ്കാളിത്തത്തിലൂടെ കേരളത്തിന് സാധിച്ചു. കേരളത്തിന്റെ വ്യവസായ മേഖലയിലുണ്ടായ വളർച്ചയും നിക്ഷേപ സൗഹൃദ അന്തരീക്ഷവും ബഹു. മന്ത്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ചർച്ചകളിൽ എടുത്തുകാട്ടപ്പെട്ടു.

ലോക സാമ്പത്തിക ഫോറവുമായി ദീർഘകാല സഹകരണത്തിനുള്ള സാധ്യതകൾ കേരളം ആരായുന്നുണ്ട്. നിർമിത ബുദ്ധി, എംഎസ്എംഇ, ജൈവ വൈവിധ്യം, നൈപുണ്യ വികസനം, ഹരിതോർജ ഉൽപ്പാദനം തുടങ്ങിയ മേഖലകളിൽ ദീർഘകാല സഹകരണത്തിന് കേരളം താൽപ്പര്യമറിയിച്ചിട്ടുണ്ട്. ഇതിനുള്ള നിർദേശങ്ങൾ സാമ്പത്തിക ഫോറം തയ്യാറാക്കിയാൽ സഹകരിക്കുമെന്നും കേരളം വ്യക്തമാക്കി. സ്വിറ്റ്സർലൻഡിലെ ദാവോസിൽ ലോക സാമ്പത്തിക ഫോറം അമ്പത്തഞ്ചാം വാർഷിക സമ്മേളനത്തിനിടെ ഫോറം മേധാവികളുമായി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിലുള്ള സംഘം നടത്തിയ കൂടിക്കാഴ്ചയിലാണ് സഹകരണ ചർച്ചകൾക്ക് തുടക്കമിട്ടത്.




## 70 ഓളം പ്രമുഖ നിക്ഷേപകരുമായി വൺ ടു വൺ ചർച്ച

ലഭ്യമായ അവസരത്തിൽ പരമാവധി വ്യവസായ പ്രമുഖരുമായി ഫലവത്തായ കൂടിക്കാഴ്ചകൾ നടത്തി കൊണ്ടാണ് ദാവോസിൽ കേരളം യശ്ശസുയർത്തിയത്. പ്രമുഖ കമ്പനികളും നിക്ഷേപകരുമായി കേരളസംഘം ദീർഘവും സുധീർഘവുമായ ചർച്ചകൾ നടത്തി. കഴിഞ്ഞ കുറച്ച് വർഷങ്ങളായി വ്യവസായ മേഖലയിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങൾ ഫോറത്തിലെ ചർച്ചകളിൽ കേരള പ്രതിനിധി സംഘം എടുത്തുകാട്ടി. ഗതാഗത നെറ്റ്വർക്ക് കമ്പനിയായ ഉബറിന്റെ ആഗോള മേധാവികളെ ഫെബ്രുവരിയിൽ കൊച്ചിയിൽ നടക്കുന്ന നിക്ഷേപക സംഗമത്തിലേക്ക് ക്ഷണിച്ചു. സൗദി അറേബ്യയുടെ നിക്ഷേപ വ്യവസായ വികസന പദ്ധതികളുടെ ആസൂത്രണ ചുമതലയുള്ള റോയൽ കമീഷൻ ഫോർ ജുബൈൽ ആൻഡ് യമ്പു പ്രസിഡന്റ് ഖാലിദ് മുഹമ്മദ് അൽ സലിമുമായും ബഹു. മന്ത്രി ചർച്ച നടത്തി. നിക്ഷേപക സംഗമത്തിലേക്ക് കമീഷന്റെ പ്രതിനിധി സംഘത്തെയും കേരളം ക്ഷണിച്ചു.

ബിസിനസ് പ്രമുഖർ, ആസൂത്രകർ, സാങ്കേതിക വിദഗ്ധർ എന്നിവരുമായി കേരള സംഘം ആശയ വിനിമയം നടത്തി. എ. ബി ഇൻബെവ്, ഗ്രീൻകോ, ഹിറ്റാച്ചി, ടിവിഎസ് ലോജിസ്റ്റിക്സ്, ജൂബിലന്റ്, ഭാരത് ഫോർജ്, എച്ച്സിഎൽ, സിഫി, വെൽസ്പൺ, ഇൻഫോസിസ്, വാരി, സുഹാന സ്പൈസസ് ഉൾപ്പെടെ 70 ഓളം കമ്പനി പ്രതിനിധികളോടും വ്യവസായ പ്രമുഖരോടും ബഹു. മന്ത്രി വൺ ടു വൺ ചർച്ച നടത്തി. സാങ്കേതികവിദ്യാ സഹകരണം, അടിസ്ഥാനസൗകര്യ വികസനം എന്നിവയിൽ കേരളവുമായി സഹകരിക്കുമെന്ന് വിവിധ കമ്പനി മേധാവികൾ വ്യക്തമാക്കിയിട്ടുണ്ട്.








# ദാവോസിൽ പ്രശംസ നേടി കേരളം

ദാവോസിൽ സംഘടിപ്പിച്ച ലോക സാമ്പത്തിക ഫോറത്തിൽ കേരളത്തിന്റെ മാറിയ വ്യവസായ മുഖത്തിന് പ്രശംസയും കൈയടിയും നേടിയാണ് കേരള സംഘം മടങ്ങിയത്. സമ്മേളനത്തിന്റെ ഭാഗമായി ഇന്ത്യൻ പ്രതിനിധിസംഘം നടത്തിയ വാർത്താസമ്മേളനത്തിൽ ബഹു. ആന്ധ്ര മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു തന്നെ കേരളത്തിന്റെ വ്യവസായ മാറ്റത്തെക്കുറിച്ച് പരാമർശിച്ചു. രാജ്യത്തെ ഏറ്റവും പുരോഗതി പ്രാപിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെ നിക്ഷേപ സാധ്യതകൾ ഗൗരവപൂർവം പരിശോധിക്കുകയാണെന്ന് ദാവോസ് സമ്മേളനത്തിൽ പങ്കെടുത്ത ആഗോള പ്രശസ്ത കമ്പനികളും വിവിധ രാഷ്ട്രങ്ങളുടെ പ്രതിനിധികളും വ്യക്തമാക്കി.




സുസ്ഥിരത വ്യവസായത്തിനും വാണിജ്യ താത്പര്യത്തിനും സംസ്ഥാനം പ്രാധാന്യം നൽകുന്നതായി ബഹു. മന്ത്രി വ്യവസായ പ്രമുഖരോട് വ്യക്തമാക്കി. ഐടി, സ്പേസ് ടെക്, മെഡിക്കൽ ഡിവൈസ്, ഹെൽത്ത് കെയർ, മാരിടൈം, ടൂറിസം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ കേരളം ആകർഷകമായ നിക്ഷേപ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നതായും ബഹു. മന്ത്രി ചൂണ്ടിക്കാട്ടി.

ചീഫ് സെക്രട്ടറി ശ്രീമതി ശാരദ മുരളീധരൻ ഐ.എ.എസ്., ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.എ ജയതിലക് ഐ.എ.എസ്., വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് ഐ.എ.എസ്., കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ ഐ.എ.എസ്., കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ. എന്നിവരും സംഘത്തിലുണ്ടായിരുന്നു.

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

## നിക്ഷേപകർക്ക് സ്വാഗതം

# ഒരുക്കങ്ങൾ പൂർത്തിയാക്കി കേരളം ആഗോള നിക്ഷേപക സംഗമത്തിലേക്ക്



എസ്. ഹരികിഷോർ IAS

രാജ്യം ഉറ്റുനോക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപ സംഗമത്തിന് മുന്നൊരുക്കങ്ങൾ പൂർത്തിയാക്കി ആതിഥേയരാകാൻ കേരളം സജ്ജമായി. കേരളത്തിന്റെ നിക്ഷേപ അന്തരീക്ഷം കൂടുതൽ ഊർജവും വേഗവും കൈവരിച്ച് ഔന്നത്യത്തത്തിലേക്കു മുന്നേറുന്ന ഈ അവസരത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന (ഇൻക്ലൂസീവ്) വ്യവസായ വത്കരണത്തിന് സംസ്ഥാനം പുതിയ ചുവടുവെപ്പ് വെക്കുകയാണ്. കേരളം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നിക്ഷേപക സംഗമത്തിനാണ് 2025 ഫെബ്രുവരി 21,21 തീയതികളിൽ വേദിയൊരുക്കുന്നത്. കൊച്ചി ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന നിക്ഷേപക സംഗമം, 'ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം' എന്ന പ്രമേയത്തെ മുൻനിർത്തിയാണ് സംഘടിപ്പിക്കുന്നത്. കേരളത്തിന്റെ നിക്ഷേപ സൗഹൃദ അന്തരീക്ഷത്തെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന സംഗമത്തിൽ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള വ്യവസായ പ്രമുഖരും, രാഷ്ട്ര നേതാക്കളും, ബിസിനസ് നേതാക്കളും പങ്കെടുക്കും.

നിക്ഷേപക സംഘമത്തിനു മുന്നോടിയായി 50-ലധികം പരിപാടികളാണ് വ്യവസായവകുപ്പും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി.) ചേർന്ന് രാജ്യത്തിനകത്തും പുറത്തുമായി സംഘടിപ്പിച്ചത്. റൗണ്ട് ടേബിൾ സമ്മേളനങ്ങൾ, സെക്ടറിൽ മീറ്റിംഗുകൾ, കോൺക്ലേവുകൾ, ഉച്ചകോടികൾ, റോഡ്ഷോ എന്നീ പരിപാടികളാണ് സംഘടിപ്പിച്ചത്. ചെന്നൈ, മുംബൈ, ഡൽഹി, ബംഗളൂരു തുടങ്ങിയ നഗരങ്ങളിലെ റോഡ് ഷോകൾ രാജ്യതലത്തിൽ നടത്തിയ പരിപാടികളാണ്. ഡൽഹിയിൽ 36 രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികളെ പങ്കെടുപ്പിച്ച് കോൺക്ലേവ് നടത്തി. പരിപാടിയുടെ ഭാഗമായി ഡൽഹിയിൽ റോഡ്ഷോയും നടത്തി. കേരളത്തിൽ വ്യവസായത്തിനുള്ള ലൈസൻസ് ഒരു മിനിറ്റിനുള്ളിൽ ഓൺലൈൻ സംവിധാനമായ കെ-സ്വിഫ്റ്റ് വഴി ലഭ്യമാക്കുന്നതും വ്യവസായം തുടങ്ങാനുള്ള വിവിധ അനുമതികൾക്കായി ഓൺലൈനിൽ ലഭിക്കുന്ന രേഖ ഹാജരാക്കാവുന്ന സാഹചര്യമൊരുക്കിയതും ന്യൂഡൽഹിയിൽ നടത്തിയ റോഡ് ഷോയിൽ എടുത്തുകാട്ടാൻ സാധിച്ചു. തുടർന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്കരിയുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ദേശീയപാതകളുമായി ചേർന്ന് ലോജിസ്റ്റിക് പാർക്ക് പദ്ധതി ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. അന്താരാഷ്ട്ര തലത്തിൽ, ദുബായിൽ മിഡിൽ ഈസ്റ്റിലെത്തന്നെ ഏറ്റവും വലിയ റോഡ്ഷോ നടത്തി.

സംസ്ഥാന വ്യവസായ വകുപ്പിന്റെ 'മിഷൻ 1000' സമ്മേളനം കൊച്ചിയിൽ സംഘടിപ്പിച്ചു. അടുത്ത നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ 1000 എംഎസ്എംഇ സംരംഭങ്ങളെ ശരാശരി 100 കോടി രൂപയ്ക്ക് മുകളിൽ വരുമാനമുണ്ടാക്കുന്നതിലേക്ക് ഉയർത്തുന്ന പദ്ധതിയാണ് മിഷൻ 1000. സംരംഭക വർഷം പദ്ധതിയിലൂടെ മൂന്ന് വർഷം കൊണ്ട് 3,40.202 സംരംഭങ്ങൾ കേരളത്തിൽ തുടങ്ങാനായതും സംസ്ഥാനത്ത് ഇതു വഴി 7,21,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായതും ചടങ്ങിൽ എടുത്തുകാട്ടാനായി. ഇത്രയും സംരംഭങ്ങളിൽ നിന്നായി 21,838 കോടി രൂപ സംസ്ഥാനത്ത് നിക്ഷേപമുണ്ടായത് മികച്ച നേട്ടമാണ്. ആയുർവേദ ആൻഡ് ഫാർമസ്യൂട്ടിക്കൽസ്, ഹൈടെക് ഫാമിങ് ആൻഡ് വാല്യൂ ആഡഡ് റബ്ബർ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ, ലോജിസ്റ്റിക്, ടെക്സ്റ്റൈൽസ് തുടങ്ങിയ സെക്ടറുകളിൽ കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിലായി മീറ്റിങ്ങുകളും നടത്തി.

ലോക സാമ്പത്തിക ഫോറത്തിൽ പങ്കെടുത്ത് കേരളം പുതിയ വികസന പ്രതീക്ഷകൾ ആഗോള തലത്തിൽ പങ്കുവെച്ചു. 19 വർഷത്തിന് ശേഷമാണ് കേരളം ലോക സാമ്പത്തിക ഫോറത്തിൽ പങ്കെടുക്കുന്നത്. സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന സമ്മേളനത്തിൽ കേരളത്തിലെ

മാറുന്ന നിക്ഷേപ അന്തരീക്ഷത്തെ അവതരിപ്പിക്കാനായതും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലേക്ക് ആഗോള നിക്ഷേപകരെ ക്ഷണിക്കാനായതായും സംസ്ഥാനത്തിന് മികച്ച നേട്ടമായി. 2025ലെ ലോക സാമ്പത്തിക ഫോറം സമാപിക്കുമ്പോൾ നിരവധി കമ്പനികളുമായി ആശയവിനിമയം നടത്താൻ കഴിഞ്ഞു എന്നത് പ്രധാന നേട്ടമാണ്. പല പ്രമുഖ ബിസിനസ് ഗ്രൂപ്പുകളും കേരളത്തിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലേക്ക് വരുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ഈ ചുവടുവെപ്പ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ വിജയത്തിലും വലിയ പങ്ക് വഹിക്കും.

ആഗോളമായും പ്രാദേശികമായും വൻ അവസരങ്ങൾ തുറന്നിടുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ വികസന സാധ്യതകൾ പരിപോഷിപ്പിക്കുക, തുറമുഖത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ ഉറപ്പിക്കുക എന്നീ ലക്ഷ്യത്തോടെ 'വിഴിഞ്ഞം കോൺക്ലേവ് 2025' സംഘടിപ്പിച്ചു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെഎസ്ഐഡിസി), തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസും (ടിസിസിഐ) സഹകരിച്ച് നടത്തിയ സംഗമം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ലിമിറ്റഡിന്റെ (വിഐഎസ്എൽ)യും ടൂറിസം വകുപ്പിന്റെയും കേരള മാരിടൈം ബോർഡിന്റെയും മികച്ച പിന്തുണയോടെയാണ് സംഘടിപ്പിച്ചത്.

മലബാറിന്റെ സംരംഭകത്വ മേഖലക്ക് ഉണർവേകാൻ മലബാർ കോൺക്ലേവ് സംഘടിപ്പിച്ചു. സംസ്ഥാനത്ത് ആദ്യമായാണ് പ്രാദേശിക വികസനം ലക്ഷ്യമാക്കി കോൺക്ലേവ് നടത്തിയത്. വ്യവസായവകുപ്പും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപറേഷനും, കിൻഫ്രയും ചേർന്ന് കണ്ണൂരിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസ്ഥാനത്തിന്റെ വ്യവസായമേഖലയിലെ വളർച്ചയിൽ മലബാറിന്റെ സംഭാവനങ്ങളും ബൃഹദ് പദ്ധതികളും ചർച്ചയായി.

ഓട്ടോമോട്ടീവ് വ്യവസായത്തിലെ ആഗോള ഹബ്ബാകാൻ ഒരുങ്ങുന്ന കേരളത്തിന്റെ കുതിപ്പിന് ഊർജ്ജമേകി ഓട്ടോമോട്ടിവ് ടെക്നോളജി സമ്മിറ്റ് (കെഎടിഎസ് 2025) തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. കെഎസ്ഐഡിസിയുമായി സഹകരിച്ച് സിഐഐ കേരള നടത്തിയ ഏകദിന സമ്മേളനത്തിൽ ഓട്ടോമോട്ടീവ് മേഖലയിലെ പ്രമുഖർ സാങ്കേതിക വിദഗ്ധർ, നയരൂപകർത്താക്കൾ എന്നിവർ പങ്കെടുത്തു. ഓട്ടോമോട്ടീവ് ആവാസവ്യവസ്ഥയിൽ കേരളത്തിന്റെ ഭാവിയെ രൂപപ്പെടുത്തുന്ന പുതിയ പങ്കാളിത്തങ്ങൾ, നയങ്ങൾ, ഓട്ടോമോട്ടീവ് സോഫ്റ്റ് വെയർമൊബിലിറ്റി എന്നീ മേഖലയിൽ ഭാവിയിൽ കേരളത്തിന്റെ പങ്ക് എന്നിവയെക്കുറിച്ച് ചർച്ചകൾ നടന്നു.

വ്യവസായ മേഖലയിൽ പുതിയ സാധ്യതകൾ തുറന്ന് നിക്ഷേപ ഭൂപടത്തിൽ സാന്നിധ്യം ഉറപ്പിക്കുന്ന കേരളം വിവിധ പരിപാടികൾ സംഘടിപ്പിച്ചും പങ്കെടുത്തും ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപ സംഗമത്തിലേക്ക് നീങ്ങുകയാണ്. സംസ്ഥാനത്തിന്റെ വ്യവസായ സംരംഭകക്ഷമതയും നിക്ഷേപ സൗഹൃദ അന്തരീക്ഷവും തെളിയിക്കുന്നതായിരിക്കും ഈ സംഗമം. കേരളത്തിന്റെ വ്യവസായ നയങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകയും ആഗോള നിക്ഷേപകരെ ആകർഷിക്കുകയും ചെയ്യുന്ന നിർണ്ണായക വേദിയായി സംഗമം മാറും. വിപുലമായ സാധ്യതകളും ദീർഘ വീക്ഷണവും മുൻനിർത്തി വ്യവസായ മേഖലയിൽ കേരളം മുന്നേറുമ്പോൾ ഉത്തരവാദിത്ത നിക്ഷേപത്തിനും വ്യവസായ വികസനത്തിനും സംസ്ഥാനം മാതൃകയാവുമെന്നതിൽ സംശയമില്ല. ■

**കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ ആണ് ലേഖകൻ**

**Scan for the initiative of Industries Department in the previous two years.**



INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI

# നാനോ വ്യവസായങ്ങൾ: ചെറുതായി തുടങ്ങാനും വലുതായി വളരാനും



ടി.എസ്. ചന്ദ്രൻ

നാനോ വ്യവസായങ്ങളിലൂടെ സാമ്പത്തിക പുരോഗതി എന്നതാണ് ഈ കാലഘട്ടത്തിന്റെ മുദ്രാവാക്യം. വ്യവസായ വകുപ്പിന്റെ പുതിയ കാഴ്ചപ്പാട് നാനോ വ്യവസായങ്ങളിലൂടെ സംരംഭങ്ങളെ വളർത്തിക്കൊണ്ടു വരിക എന്നുള്ളതാണ്. ഇതാണ് കേരളത്തിലെ ഭൂപ്രകൃതിയും സാമൂഹിക ചുറ്റുപാടുകളും പരിഗണിക്കുമ്പോൾ ഏറ്റവും അനുയോജ്യം. ചെറുതായി തുടങ്ങിയാൽ മതി വലുതായി വളരണം എന്നുള്ള ആഗ്രഹം സംരംഭകരിൽ ഉണ്ടായിരുന്നാൽ മതി. കൂടുതൽ പേർക്ക് സംരംഭ മേഖലയിലേക്ക് കടന്നു വരാനും ഒട്ടനവധി സംരംഭങ്ങൾ പുതുതായി ഉദയം കൊള്ളാനും നാനോ വ്യവസായങ്ങൾ വഴിതുറക്കും. വലിയ സാമ്പത്തിക റിസ്ക് ഇല്ലാതെ തന്നെ ഈ മേഖലയിലേക്ക് കടന്നു വരാൻ ഇതു കൊണ്ടു സാധാരണക്കാരനും സാധിക്കും. നാനോ വ്യവസായങ്ങൾ വളരുന്നതനുസരിച്ച് കൂടുതൽ നിക്ഷേപങ്ങൾ നടത്തി ഉൽപ്പാദനം വിപുലപ്പെടുത്തുകയും ചെയ്യാം.

### നാനോ സംരംഭങ്ങൾ തിരഞ്ഞെടുക്കുമ്പോൾ

ഏതൊരു സംരംഭത്തെയും പോലെ നാനോ സംരംഭം തിരഞ്ഞെടുക്കുമ്പോഴും പ്രധാനമായും വിലയിരുത്തേണ്ട രണ്ടു ഘടകങ്ങൾ സാങ്കേതികവും സാമ്പത്തികവുമായ സാധ്യതകളാണ്. സംരംഭം ആരംഭിക്കുന്നതിനും അവ നിലനിർത്തുന്നതിനും ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുകയും പദ്ധതി ചെലവിനേക്കാൾ ഉപരിയായി ലാഭകരമായി വിറ്റഴിക്കാൻ അവസരമുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്ന ആഴത്തിലുള്ള പഠനമാണ് ഒന്നാമത്തെ സാങ്കേതിക സാധ്യതാ പഠനം. സാമ്പത്തിക നേട്ടമാണ് രണ്ടാമത്തേത്. വിപണന സാധ്യതകൾ ആണ് ഒരു സംരംഭം തിരഞ്ഞെടുക്കുന്നതിന്റെ അടിസ്ഥാനഘടകം എന്ന് പറയാം. ഏറെ പ്രാധാന്യം നൽകേണ്ട ഘടകവും ഇതാണ്. വിപണനം സാധ്യമെങ്കിൽ വിജയം സുനിശ്ചിതമാണ്. ഇതാണ് സാമ്പത്തിക സാധ്യതകളിൽ പരിശോധിക്കുന്നത്.



### പാർട്ട് ടൈം ആയും ഹോബിയായും

നാനോ സംരംഭങ്ങളുടെ ഒരു സവിശേഷത അത് പാർട്ട് ടൈം ആയും ഹോബിയായും ബിസിനസ് രംഗത്തേക്ക് കടന്നു വരാൻ അവസരം ഒരുക്കുന്നു എന്നതാണ്. നമ്മുടെ പല ഹോബികളും വലിയ വ്യവസായ സാധ്യത ഉള്ളതും കുറഞ്ഞ കിടമത്സരം നിലനിൽക്കുന്നതുമായ ബിസിനസ് ആശയങ്ങൾ ആണ്. കാർഷികാധിഷ്ഠിത ഉൽപന്നങ്ങൾ, ആർട്ട് വർക്കുകൾ, ഇൻറീരിയർ ഡെക്കറേഷൻ, പെയിന്റിംഗുകൾ, ഗാർമെന്റ്സ് മേക്കിങ്, ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ, മൃഗപരിപാലനം, നഴ്സറി, കൾചർ ഫാമുകൾ, ആടയാഭരണങ്ങൾ, ഡ്രസ്സുകൾ, സൗന്ദര്യ വർധക വസ്തുക്കൾ, തുടങ്ങി നിരവധി സംരംഭങ്ങൾ ഹോബി എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ആരംഭിക്കാൻ കഴിയുന്നവയാണ്. ഇത്തരം പ്രവർത്തികൾ ഹോബിയാക്കിയവർ മനസ്സുവെച്ചാൽ വലിയ തോതിലുള്ള ബിസിനസ് അവസരങ്ങളും ഉണ്ടാക്കിയെടുക്കാൻ കഴിയും. ഇതിന് നാനോ സംരംഭങ്ങൾ വഴി ഒരുക്കും.

### എന്തുകൊണ്ട് നാനോ ?

- വളരെ കുറഞ്ഞ മുതൽ മുടക്കിൽ തുടങ്ങാം.
- ഉൽപാദനത്തിന് അനുസരിച്ചുള്ള വിപണി കണ്ടെത്താൻ എളുപ്പമാണ്.
- ഏറെ സാങ്കേതിക പ്രശ്നങ്ങൾ നിർമ്മാണ പ്രക്രിയയിൽ ഉണ്ടാകില്ല.
- ക്രെഡിറ്റ് വിൽപ്പന ഉണ്ടാകാനുള്ള സാധ്യത കുറവായിരിക്കും.
- മിക്കവാറും നേരിട്ട് വിൽപന നടത്തുന്നതിനാൽ മെച്ചപ്പെട്ട ലാഭവിഹിതം ലഭിക്കാനും സാധ്യതയുണ്ട്.

- പാർട്ട് ടൈം ആയും ഹോബിയായും വ്യവസായങ്ങൾ ചെയ്യാം.
- പരിസ്ഥിതി സൗഹൃദവും കുടിൽ വ്യവസായവും ആയിരിക്കും.
- കുടുംബ കൂട്ടായ്മകളിലൂടെ ഉൽപാദന ചെലവ് കുറയ്ക്കാൻ കഴിയും.
- വീട്ടമ്മമാർക്ക് സ്വയംതൊഴിൽ എന്ന നിലയിൽ അനായാസം ആരംഭിക്കാം.
- ടെൻഷനില്ലാതെ സംരംഭ മേഖലയിലേക്ക് കടന്നു വരാം.
- വിപണന സാധ്യതകൾക്ക് അനുസരിച്ച ഉല്പാദനം വർദ്ധിപ്പിക്കുവാനും പുതിയ പ്ലാൻറുകൾ തുടങ്ങുവാനും സൗകര്യം ലഭിക്കും.

### ആവശ്യമുള്ളത്

- ചെറിയ തുകകൾ ആകയാൽ വായ്പ ലഭിക്കുവാനുള്ള സൗകര്യം മികചതായിരിക്കും.
- സംരംഭകർ തന്നെ തൊഴിലാളിയായും പ്രവർത്തിക്കുമ്പോൾ നാനോ വ്യവസായങ്ങളിൽ നിന്നും വൻവിജയങ്ങൾ കൊടുക്കുവാൻ കഴിയും.
- 5 HP വരെ പഞ്ചായത്ത് ലൈസൻസ് വേണ്ട.
- അഞ്ച് എച്ച്.പി വരെ പവർ ഉപയോഗിക്കുന്ന നാനോ സംരംഭങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് നിന്നും ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. നാനോ വ്യവസായങ്ങൾക്ക് സർക്കാർ നൽകുന്ന വലിയ പ്രോത്സാഹനമാണ് ഇത് സൂചിപ്പിക്കുന്നത്. 2020 ജനുവരി 21നാണ് സർക്കാർ ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ വ്യവസായ വകുപ്പിൽ നിന്നുള്ള അനുമതിയും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതിയും സംരംഭകർ സമ്പാദിക്കേണ്ടതായിട്ടുണ്ട്.

### നാനോ സംരംഭങ്ങൾക്ക് മാത്രമായി രണ്ടു സഹായ പദ്ധതികൾ

1) നാനോ വ്യവസായങ്ങൾക്കുള്ള പലിശ സബ്സിഡിയാണ് ആദ്യത്തേത്. ഇത് കൂടുതൽ ലളിതമാക്കിയിരിക്കുകയാണ് സംസ്ഥാന സർക്കാർ. 10 ലക്ഷം രൂപ വരെ എടുക്കുന്ന വായ്പയുടെ ആറ് ശതമാനമാണ് സർക്കാർ പലിശ ഇളവായി തിരിച്ചു നൽകുക. അവർ കൈപ്പറ്റിയ വായ്പയുടെ പലിശയാണ് സബ്സിഡിയായി നൽകുക. ഇത് വ്യവസായത്തിനും വ്യാപാരത്തിനും, ഫാമുകൾക്കും, സേവനത്തിനും എല്ലാം ലഭിക്കും.
2) 10 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് നാലു ലക്ഷം രൂപ (40 ശതമാനം) വരെ സബ്സിഡി ലഭിക്കുന്നതിനുള്ള മാർജിൻ മണി നാനോ പദ്ധതിയാണ് അടുത്തത്.

ഈ രണ്ടു പദ്ധതികളും സംസ്ഥാന സർക്കാർ വിജയകരമായി നടപ്പാക്കി വരുന്നു.■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

## വ്യാവസായിക വാർത്തകൾ

### അടിസ്ഥാന സൗകര്യ വികസനം (സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി)

പുതിയ/നിലവിലുള്ള വ്യാവസായിക പ്രദേശങ്ങളിലെ ഭൂമി, റോഡ്, ഡ്രെയിനേജ്, വൈദ്യുതി വിതരണം തുടങ്ങിയവയുടെ വികസനം അല്ലെങ്കിൽ പുതിയ ഫ്ളാറ്റെഡ് ഫാക്ടറി സമുച്ചയങ്ങളുടെ നിർമ്മാണം എന്നിവയ്ക്കുള്ള പദ്ധതിയാണ്. പദ്ധതി പ്രകാരം 5 മുതൽ 15 കോടി രൂപ വരെയുള്ള പ്രൊജക്റ്റ് ചെലവിന്റെ 50 ശതമാനം മുതൽ 60 ശതമാനം വരെ സർക്കാർ ഗ്രാന്റായി നൽകിവരുന്നു.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക:

www.cluster.dcmsme.gov.in

### പ്രവാസികൾക്ക് മാത്രമായി പ്രത്യേക വ്യവസായ പാർക്ക് സ്ഥാപിക്കും

വിദേശത്ത് നിന്ന് മടങ്ങി വരുന്ന പ്രവാസികൾക്കായി പ്രത്യേക വ്യവസായ പാർക്ക് സ്ഥാപിക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് കണ്ണൂരിൽ കിൻഫ്രാ പാർക്കിന്റെ ഒരു ഭാഗം ഇതിനായി പ്രയോജനപ്പെടുത്തും. 100 കോടി നിക്ഷേപത്തിൽ ആദ്യം 10 ശതമാനം മാത്രം പ്രീമിയം അടച്ചാൽ മതിയാകും. രണ്ടു കൊല്ലത്തെ മൊറോട്ടോറിയ ത്തിനു ശേഷം 10 കൊല്ലം കൊണ്ട് മുതൽ അടച്ച് തീർത്താൽ മിതയാകും. കൊച്ചിയിൽ നടക്കുന്ന ആഗോള നിക്ഷേപ സംഗമത്തിന്റെ പ്രചരണത്തിനായി ദുബായിൽ നടത്തിയ റോഡ് ഷോയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു മന്ത്രി. പ്രവാസികൾക്ക് സംസ്ഥാനത്ത് കൂടുതൽ നിക്ഷേപത്തിന് അവസരമൊരുക്കുന്നതിന് പ്രാധാന്യം നല്കി കൊണ്ടുള്ളതായിരുന്നു സംഗമം.

## എം.എസ്.എം.ഇ. പുതിയ ക്രെഡിറ്റ് ഗ്യാരന്റി പദ്ധതി: 100 കോടി രൂപ വരെ വായ്പ

ബജറ്റ് പ്രഖ്യാപനത്തിനനുസൃതമായി 100 കോടി രൂപ വരെയുള്ള വായ്പകൾ ഉൾക്കൊള്ളുന്ന എം.എസ്.എം.ഇ. മേഖലക്കായി കേന്ദ്ര സർക്കാർ പുതിയ ക്രെഡിറ്റ് ഗ്യാരന്റി പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. എം.എസ്.എം.ഇ. കൾക്കായുള്ള മ്യൂച്ചൽ ക്രെഡിറ്റ് ഗ്യാരന്റി സ്കീമിന്റെ (എം.എസ്.എം.ഇ.) ആമുഖം അംഗീകൃത വായ്പ നല്കുന്ന സ്ഥാപനങ്ങൾക്ക് നാഷണൽ ക്രെഡിറ്റ് ഗ്യാരന്റി ട്രസ്റ്റി കമ്പനി ലിമിറ്റഡിന്റെ 60 ശതമാനം ഗ്യാരന്റി കവറേജ് നല്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ഈ പദ്ധതി. ഉപകരണങ്ങൾ/ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള വായ്പയാണിതെന്നും ധനമന്ത്രാലയം അറിയിച്ചു. വായ്പക്ക് അർഹതയുള്ള സ്ഥാപനം ഉദ്യം രജിസ്ട്രേഷൻ എടുത്തിരിക്കണം. പ്രൊജക്റ്റ് കോസ്റ്റ് ഉയർന്നതാണെങ്കിലും 100 കോടി രൂപ പരിധി നിശ്ചയിച്ചിട്ടുണ്ട്.

വായ്പ അനുവദിച്ച വർഷത്തിൽ ഗ്യാരന്റി ഫീസ് ഈടാക്കില്ല. അടുത്ത 3 വർഷം മാർച്ച് 31 വരെ കുടിശ്ശികയുള്ള വായ്പയുടെ 1.5 ശതമാനം ആയിരിക്കും ഫീസ്. അതിന്ശേഷം ഒരു ശതമാനം ആയിരിക്കും. സ്കീമിന്റെ പ്രവർത്ത മാർഗ്ഗ നിർദ്ദേശങ്ങൾ തിയതി മുതൽ നാലു വർഷത്തിനുള്ളിൽ അല്ലെങ്കിൽ 7 ലക്ഷം കോടി രൂപയുടെ കുമലേറ്റിവ് ഗ്യാരന്റി നല്കുന്നതുവരെ എം.സി.ജി.എസ്. എം.എസ്.എം.ഇ.കൾക്ക് കീഴിൽ അനുവദിച്ച എല്ലാ വായ്പകൾക്കും ഈ പദ്ധതി ബാധക മാകും. വിപുലികരണത്തിനും വളർച്ചയ്ക്കും മൂലധനം ആവശ്യമുള്ള എം.എസ്.എം.ഇ. കൾക്ക് ധനകാര്യ സ്ഥാപനങ്ങൾ നല്കുന്ന ഈ വായ്പാ പദ്ധതി വളരെ പ്രയോജനം ചെയ്യും.

## സംസ്ഥാനബജറ്റ്: സ്വാഗതാർഹം

വ്യവസായ മേഖലയുടെ വികസനം ലക്ഷ്യം വച്ച് കൊണ്ടുള്ള സംസ്ഥാന ബജറ്റ് പൊതുവെ സ്വാഗതാർഹമാണെന്ന് കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പറഞ്ഞു. വ്യവസായ മേഖലയ്ക്ക് മൊത്തം 1831.36 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. വ്യവസായ എസ്റ്റേറ്റുക ളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 18 കോടി, ബഹു, നില വ്യവസായ എസ്റ്റേറ്റ് നിർമ്മാണ ത്തിന് 16 കോടി, സ്വകാര്യ പങ്കാളിത്തമുള്ള സംരംഭങ്ങൾക്ക് 40 കോടി, സംരംഭക സഹായ പദ്ധതിക്ക് 80 കോടി, നാനോ -ഇടത്തരം- സംരംഭങ്ങൾക്ക് 48.01 കോടിയും നീക്കിവെച്ചത് ഈ മേഖലയുടെ വികസനത്തിന് സഹായകര മാകും. കെ.എസ്.ഐ.ഡി.സി.യ്ക്ക് 129.50 കോടിയും, കെ.എസ.ഐ.ഡി.സി. പാർക്കിന് 11.50 കോടിയും, വ്യവസായ കേന്ദ്രങ്ങളുടെ വളർച്ച പ്രവർത്തനങ്ങൾക്കായി 10.18 കോടിയും, പീഡിത വ്യവസായ പുനരുദ്ധാരണത്തിന് നാല് കോടിയും, സുസ്ഥിര വ്യവസായ പ്രോത്സാഹനത്തിന് 15 കോടിയും, നീക്കി വെച്ചപ്പോൾ ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് 795.09 കോടി നീക്കിവെച്ചു. സംഘടനയുടെ ആവ ശ്യം കൂടി പരിഗണിച്ച് കാക്കനാട് കിൻഫ്രാ അന്താരാഷ്ട്ര എക്സിബിഷൻ സെന്ററിന് 20 കോടി രൂപ അനുവദിച്ചതിന് സംഘടന ധനകാര്യ മന്ത്രിയോട് നന്ദി പറഞ്ഞു. വിവരസാങ്കേതിക മേഖലയ്ക്ക് വൻ പ്രാധാന്യം നൽകികൊണ്ടുള്ളതാ ണ് ബജറ്റ് കണ്ണൂരിൽ 25 ഏക്കർ സ്ഥലത്ത് 5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐടി പാർക്കിന് 283. 22 കോടി നീക്കി വെച്ചു. കൊല്ലം കോർപ്പറേഷനും, കിഫ്ബിയും, കിൻഫ്രായും സഹകരിച്ച് കൊല്ലത്ത് ഐ.ടി പാർക്ക് സ്ഥാപിക്കും. അതുപോ ലെ കൊട്ടാരക്കരയിലും ഐ.ടി പാർക്ക് സ്ഥാപിക്കും. വ്യവസായം സുഗമമാക്കുന്നതിനും ക്രയ വിക്രയം നടത്തുന്നതിനും ലീസിന് നൽകുന്നതിനും സഹായകരമായ കേരള ലാൻഡ് ബാങ്ക് ഫോർ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് പോർട്ടൽ രൂപീകരിക്കുമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. സ്വന്തമായി ഭൂമി കൈവശമുള്ള നൂറിൽ കൂടുതൽ തൊഴിൽ സൗകര്യങ്ങൾ നൽകാൻ കഴിവുള്ള 3 വർഷം വിജയകരമായി പ്രവർത്തിച്ചു വരുന്ന എം.എസ്.എം.ഇ. ഉടമകൾക്ക് 10 കോടി രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കുമെന്ന നിർദ്ദേശവും സ്വാഗതാർഹമാണ്. സർക്കാർ ഭൂമി നിക്ഷേപകർക്ക് അനുവദിക്കണമെന്ന നിർദ്ദേശം കൂടുതൽ സംരംഭകർ വരാൻ ഇടയാകും. വിഴിഞ്ഞം. കൊല്ലം. പുനലൂർ പുതിയ വ്യവസായ ഇടനാഴി സ്ഥാപിക്കാൻ 1,000 കോടി രൂപ നീക്കി വെച്ചത് സംസ്ഥാനത്തിന്റെ വികസനത്തിനും ആക്കം കൂട്ടും. നികുതി കുടിശ്ശികക്കാർക്ക് നടപ്പിലാക്കിയ ആംനസ്റ്റി സ്കീം ലളിതവത്കരിച്ച് മൂന്നുമാസത്തേക്ക് കൂടി നീട്ടുവാനും വ്യവഹാരമുള്ള കുടിശികക്കാരുടെ അടയ്ക്കേണ്ട തുക 70% എന്നത് 50% ആയും വ്യവഹാരം ഇല്ലാത്ത കുടിശ്ശികക്കാരുടെ തുക 80% ത്തിൽ നിന്നും 60% ആക്കി കൊണ്ടുള്ള ആംനസ്റ്റി സ്കീം ഈ മേഖലയിലുള്ളവർക്ക് വളരെ ആശ്വാസം നൽകുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

# വ്യവസായ സ്ഥാപനങ്ങൾ ശരിയായി സംരക്ഷിക്കാം



വിശ്വനാഥൻ ഒടാട്ട്

കെ.എസ്.എസ്.ഐ. എ.യുടെ ഔദ്യോഗിക ഇൻഷുറൻസ് കൺസൽട്ടന്റായി എയിംസ് ഇൻഷുറൻസ് ബ്രോക്കിംഗ് കമ്പനിയെ നിയമിച്ച വിവരം നിങ്ങൾ ഇതിനകം തന്നെ അറിഞ്ഞിരിക്കുമല്ലോ. കേരളത്തിലെ മുൻനിര ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനിയാണ്എയിംസ്. 2003ൽ പ്രവർത്തനം ആരംഭിച്ചു. കേരളത്തിൽ ഉടനീളം 8 ശാഖകൾ പ്രവർത്തിക്കുന്നു. വ്യവസായികളുടെ റിസ്കുകളെ പഠിച്ച് അവർക്ക് ഇന്ത്യയിൽ ലഭ്യമായ ഏറ്റവും മികച്ച ഇൻഷുറൻസ് പോളിസികൾ ലഭ്യമാക്കുന്നു. ഉപഭോക്താവിനെ പ്രതിനിധീകരിക്കുന്ന എയിംസ് വിപണിയിലെ ഏറ്റവും മികച്ച പോളിസികൾ നൽകുന്നതോടൊപ്പം തന്നെ റിസ്ക് മാനേജ്മെന്റ്, ഇൻഷുറൻസ് പോർട്ട് ഫോളിയോ മാനേജ്മെന്റ്, ക്ലെയിം കൺസൽട്ടൻസി എന്നിവയും നൽകുന്നുണ്ട്.

ശരിയായ ഇൻഷുറൻസ് സംരക്ഷണം നൽകുക ഏതൊരു വ്യവസായ സ്ഥാപനത്തിന്റെയും ആവശ്യമാണ്. തീപിടുത്തം, പ്രകൃതിദുരന്തങ്ങൾ മുതലായ ഒട്ടനവധി റിസ്കുകൾ മൂലം വമ്പിച്ച സാമ്പത്തിക നഷ്ടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം സാഹചര്യങ്ങളിൽ ഇൻഷുറൻസിനെ മാത്രം ആശ്രയിക്കുമ്പോൾ ശരിയായ സംരക്ഷണ മാർഗ്ഗങ്ങൾ നൽകാൻ ഇൻഷുറൻസ് പ്രൊഫഷണലുകൾക്കു മാത്രമെ കഴിയുകയുള്ളു. നിങ്ങൾക്ക് ഒരു ക്ലെയിം ഉണ്ടാവുമ്പോൾ അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നതിന് വേണ്ട സാങ്കേതിക നിർദ്ദേശങ്ങൾ ഞങ്ങൾ തരുന്നതാണ്.

ഒരു വ്യവസായ സ്ഥാപനത്തിന്റെ റിസ്കുകൾ ഏതെല്ലാമെന്ന് പഠിച്ചശേഷം അതിന് അനുയോജ്യമായ പോളിസികൾ കസ്റ്റമൈസ് ചെയ്യുക എന്നതാണ് ഞങ്ങൾ ചെയ്യുന്നത്. മാത്രമല്ല നിലവിലുള്ള പോളിസികൾ പഠിച്ച ശേഷം അതിൽ അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ചു കൊടുക്കാനുള്ള നിർദ്ദേശങ്ങളും ഞങ്ങൾ നൽകുന്നു. ഇന്ത്യയിലെ വിവിധ ഇൻഷുറൻസ് കമ്പനികളുടെ പോളിസികൾ താരതമ്യം ചെയ്ത് അതിൽ ഏറ്റവും മികച്ചത് ഉപഭോക്താവിന് നൽകുന്നു. ഒരു ക്ലെയിം ഉണ്ടായാൽ അത് തീർപ്പാക്കുവാനുള്ള സഹായ സഹകരണങ്ങൾ ഞങ്ങൾ ചെയ്തു തരുന്നതാണ്.

ഞങ്ങളുടെ സേവനം ആവശ്യമുള്ള വ്യവസായികൾക്ക് അവരുടെ വിവരങ്ങൾ മൊബൈൽ ആപ്പ് വഴിയോ, നേരിട്ടോ നൽകിയാൽ നീഡ് അനാലിസിസ്, പോളിസി ഗ്യാപ് അനാലിസിസ് എന്നിവ വഴി ഇൻഷുറൻസ് പ്ലാനർ ഞങ്ങൾ നൽകുന്നതാണ്. എയിംസ് ഇൻഷുറൻസ് ആപ്പ് പ്ലെസ്റ്റോറിൽനിന്നും ഡൗൺലോഡ് ചെയ്ത് അതുവഴി വ്യവസായ സ്ഥാപനത്തിന്റെ വിവരങ്ങൾ നൽകിയാൽ മതി. നിങ്ങളുടെ ഏത് ഇൻഷുറൻസ് ആവശ്യങ്ങൾക്കും ഒരു ഏകജാലകമായി ഞങ്ങളെ സമീപിക്കാവുന്നതാണ്. കഴിഞ്ഞ 22 വർഷത്തിനുള്ളിൽ നൂറുകണക്കിന് കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും, ആയിരകണക്കിന് ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾക്കും, ലക്ഷകണക്കിന് പോളിസി ഉടമകൾക്കും

ഇൻഷുറൻസ് അനുബന്ധ സേവനങ്ങൾ നൽകാൻ എയിംസിന് കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി ശരിയായ രീതിയിൽ നടപ്പിൽ വരുത്തുന്നതിന് അതാത് ജില്ലാ കമ്മറ്റികൾ അവരുടെ കീഴിലുള്ള മെമ്പർമാരുടെ വിവരങ്ങൾ എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനിയുടെ പ്രതിനിധികൾക്ക് നൽകേണ്ടതാണ്. വ്യവസായികൾക്ക് ഇൻഷുറൻസിനെ കുറിച്ചുള്ള അറിവ് നൽകാനായി ഒരു ഇൻഷുറൻസ് കൈ പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. മാത്രമല്ല വ്യവസായ സ്ഥാപനത്തിന്റെ വിവരങ്ങൾ നൽകാനായി നീഡ് അനാലിസിസ് ഫോം തയ്യാറാക്കിയിട്ടുണ്ട്. വരും ദിവസങ്ങളിൽ ഇൻഷുറൻസ് പുതുക്കുവാൻ ഉള്ളവർ എയിംസ് ഇൻഷുറൻസിന്റെ താഴെ കൊടുത്ത നമ്പറിൽ ബന്ധപ്പെട്ടാൽ മതി.■



**എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ**
**✆ 9895768333**

# വ്യവസായിക വാർത്തകൾ

## കേന്ദ്ര ബജറ്റ്: കാര്യമായ പരിഗണന എം.എസ്.എം.ഇ. മേഖലയ്ക്ക് നല്കിയിട്ടില്ല

കാർഷിക മേഖലയ്ക്കും ടൂറിസം മേഖലയ്ക്കും വൻ പ്രാധാന്യം നല്കി കൊണ്ടുള്ള 2025 ലെ കേന്ദ്ര ബജറ്റ് എം.എസ്.എം.ഇ. മേഖലയ്ക്ക് കാര്യമായ പരിഗണന നല്കിയിട്ടില്ലെന്ന് കെ.എസ്.എസ്.ഐ.ഇ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അഭിപ്രായപ്പെട്ടു. എം.എസ്.എം.ഇ. മേഖലയ്ക്കുള്ള വായ്പാ പദ്ധതി ലഘൂകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അറിഞ്ഞാലെ എത്രമാത്രം ഗുണകരമാകുമെന്ന് അറിയാൻ കഴിയുകയുള്ളൂ. സ്റ്റാർട്ടപ്പ് പ്രോത്സാഹന പദ്ധതി, ചെരിപ്പ് നിർമ്മാണ മേഖലയ്ക്കും, കയറ്റുമതിക്കാർക്കും പ്രോത്സാഹനം നല്കുന്ന പദ്ധതി നടപ്പാക്കും. സ്റ്റാർട്ടപ്പുകൾക്കും ഭക്ഷ്യസംസ്ക്കരണ മേഖലയ്ക്കും പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്.സി./എസ്.റ്റി സംരംഭകർക്ക് 5 വർഷത്തിനുള്ളിൽ 2 കോടി രൂപ വരെ വായ്പ അനുവദിക്കാമെന്നുള്ള പദ്ധതി ഈ വിഭാഗത്തെ സംരംഭകത്തിലേക്ക് ആകർഷിക്കാൻ വളരെ സഹായകരമാകും. ഇൻകം ടാക്സ് പരിധി 12 ലക്ഷം രൂപ വരെ ആക്കുമെന്ന പ്രഖ്യാപനം സാധാരണക്കാർക്കും ഇടത്തരക്കാർക്കും ആശ്വാസം നല്കുന്നതാണ്. സംഘടന നല്കിയ പല പ്രീ ബജറ്റ് നിർദ്ദേശങ്ങളും അവഗണിച്ചതായി സംഘടനാ ഭാരവാഹികൾ അറിയിച്ചു. കാർഷിക മേഖലയ്ക്ക് നല്കുന്ന പലിശ നിരക്കിൽ തന്നെ എം.എസ്.എം. ഇ. കൾക്കും വായ്പകൾ അനുവദിക്കുക, നിഷ്ക്രിയ ആസ്ഥി കണക്കാക്കുന്ന പരിധി 90 ദിവസം എന്നുള്ളത് 180 ദിവസമായി വർദ്ധിപ്പിക്കുക, അഖിലേന്ത്യ തലത്തിൽ എം.എസ്. എം. ഇ. സംരക്ഷണ നിയമം കൊണ്ട് വരിക നിലവിലുള്ള വ്യവസായങ്ങൾ വിപുലീകരിക്കുന്നതിനും ആധുനീകവൽക്കരിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യകളോടുള്ള മെഷിനറികൾ വാങ്ങുന്നതിന് നല്കുന്ന സബ്സിഡിയായ, ക്രഡിറ്റ് ലിങ്കഡ് ക്യാപിറ്റൽ സബ്സിഡി സ്കീമിന്റെ കാലാവധി നീട്ടുക തുടങ്ങിയ ആവശ്യങ്ങൾ പരിഗണിച്ചിട്ടില്ലെന്നും പ്രസിഡന്റ് അറിയിച്ചു.

## സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ് ഗ്യാരന്റി പദ്ധതി (CGTMSE)

കൃഷി ഒഴികെയുള്ള ഉത്പാദന സേവന മേഖലയിൽ ഉള്ള എല്ലാ പുതിയതും നിലവിലുള്ളതുമായ എം.എസ്. എം. ഇ. കൾക്കും സ്വയം സഹായ ഗ്രൂപ്പുകൾക്കും ഈട് രഹിത വായ്പകൾ നൽകുന്നതാണ് ഈ പദ്ധതി. 5 കോടി രൂപ വരെയാണ് പരമാവധി വായ്പ തുക. 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് സൂക്ഷ്മ സംരംഭങ്ങൾക്ക് 8.5 ശതമാനം വരെയും 5 ലക്ഷം മുതൽ 5 കോടി രൂപ വരെയുള്ള വായ്പകൾക്ക് 7.5 ശതമാനം വരെയും ഗ്യാരന്റി പരിരക്ഷ ലഭിക്കുക. വനിതാ സംരംഭകർ/എസ്.-എസ്.ടി സംരംഭകർ/ആസ്പിരേഷണൽ ജില്ലയിലെ എം.എസ്.എം. ഇ. കൾ/ സെഡ് സർട്ടിഫൈഡ് എം.എസ്.എം.ഇ. കൾ മുതലായ വയ്ക്ക്, 5 കോടി രൂപ വരെയുള്ള വായ്പകൾക്ക് 8.5% വരെ ഗ്യാരന്റി പരിരക്ഷ ലഭ്യമാണ്. സംരംഭകന് 5 കോടിയിൽ കൂടുതൽ ക്രെഡിറ്റ് നൽകിയാലും ലഭ്യമായ ഗ്യാരണ്ടി കവർ 5 കോടി ക്രെഡിറ്റായി പരിമിതപ്പെടുത്തും. മറ്റൊരു തരത്തിൽ പറഞ്ഞാൽ, CGTMSE വഹിക്കുന്ന പരമാവധി ക്രെഡിറ്റ് റിസ്ക് 75 ലക്ഷമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അതായത് ഡിഫോൾട്ട് തുകയുടെ 75%. കൂടുതൽ വിവരങ്ങൾക്ക് www.cgtmse.in.

## തരം മാറ്റുന്ന ഭൂമി 25 സെന്റിൽ കൂടുതലാണെങ്കിൽ മുഴുവൻ നിലത്തിനും നികുതി അടയ്ക്കണം

കേരള നെൽ വയൽ തണ്ണീർത്തട നിയമപ്രകാരം തരം മാറ്റാനുള്ള ഭൂമി 25 സെന്റിൽ കൂടുതൽ ആണെങ്കിൽ മൊത്തം ഭൂമിയുടെ ന്യായവിലയുടെ 10% ഫീസ് ആയി അടയ്ക്കണമെന്ന് സുപ്രീംകോടതി വിധി. നേരത്തെ 25 സെന്റിൽ പരിധിയിൽ അധികം വരുന്ന ഭൂമിക്കും മാത്രം 10% ഫീസ് അടച്ചാൽ മതി എന്ന ഹൈക്കോടതി വിധിയ്ക്കെതിരെ സംസ്ഥാന സർക്കാർ നൽകിയ അപ്പീലിലാണ് സുപ്രീം കോടതി വിധി. 25 സെന്റ് ഭൂമി വരെ തരം മാറ്റിയാൽ ഫീസ് അടക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവ് നിലനിൽക്കും.

## നമ്മുടെ വ്യവസായം


- ✓ വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു.
- ✓ കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com

PICK DEL EXPRESS CARGO
WE CARRY... WE CARE...

# IS GOING NATIONAL !!

## Catering to all Major Cities Across India !!

- CHANDIGARH
- CHATTISGARH
- DADRA AND NAGAR HAV.
- DELHI
- GUJARAT
- HARYANA
- JHARKHAND
- KARNATAKA
- MADHYA PRADESH
- MAHARASHTRA
- ORISSA
- PONDICHERRY
- PUNJAB
- RAJASTHAN
- TAMILNADU
- TELANGANA
- UTTARAKHAND
- UTTARPRADESH
- WEST BENGAL



24 YEARS OF TRUSTED LEGACY

*"We are what we repeatedly do. Excellence, then its not an Act but a Habit"*
- Aristotle




## Nationwide Reach, "Door Step Ease!"

Track your consignments @www.pickdel.in

Door Pickup Service Across Kerala & Coimbatore
+91 95673 11411, +91 93886 15161
marketing@pickdel.in

PICK DEL EXPRESS CARGO
WE CARRY... WE CARE...

**PICK DEL Express Cargo (P) Ltd**
Kerala's Largest Parcel Service Company

Corporate Office No. 40/1017,
Ground Floor, Karthika, Power House Road,
Palarivattom, Cochin - 682 025

Warehouse & Hub, 10/243D, MCV Warehouse,
Vilangu, Kizhakkambalam, Ernakulam - 683561

25th February 2025, Kalamassery
Regn. No. KERBIL/2005/23143
KSSiA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.